# പ്രഫ. റ്റി.ജെ. ജോസഫ് – മുൻവിധിയുടെ ബലിയാട്

*– പ്രഫ. റ്റി.ജെ. മത്തായി*

മംഗളം ദിനപത്രത്തിൽ പ്രഫ. മാത്യു ഉലകംതറയുടെ 'മാപ്പുകൊടുക്കലും ക്രൈസ്തവസമീപനവും' എന്ന ലേഖനം വായിച്ചു. വസ്തുതകളെ എങ്ങനെയൊക്കെ വളച്ചൊടിക്കാമെന്നതിന് പ്രസ്തുത ലേഖനം ഒന്നാംതരമുദാഹരണമാണ്. എങ്കിലും അദ്ദേഹത്തോട് നന്ദിപറയേണ്ടിയിരിക്കുന്നു. കാരണം, അദ്ദേഹം പ്രഫ. ജോസഫിനെതിരെ ഉന്നയിച്ച ആരോപണങ്ങളും മാനേജുമെന്റിനുവേണ്ടി നിരത്തിയ വാദങ്ങളും തന്നെ, കേരളീയരെ വേദനിപ്പിക്കുകയും ഞെട്ടിപ്പിക്കുകയും ചെയ്ത കൈവെട്ടലും പിരിച്ചുവിടലും എത്രമാത്രം ക്രൂരവും നീതിരഹിതവും അധാർമ്മികവുമായിരുന്നെന്ന് വ്യക്തമാക്കാൻ പര്യാപ്തമാണ്. മാത്രമല്ല മേൽപ്പറഞ്ഞ സംഭവങ്ങളുടെ യാഥാർത്ഥ്യം ഗ്രഹിക്കാൻ വായനക്കാർക്ക് ഒരവസരം ലഭിക്കുകകൂടി ചെയ്തിരിക്കുന്നു.

പ്രഫ. ജോസഫിനെതിരെ ഉന്നയിച്ച ആദ്യത്തെ ആരോപണം പ്രഫ. ഉലകം തറയുടെ വാക്കുകളിൽ : ''അദ്ദേഹം എന്തിന് ദൈവത്തെ ഹാസ്യകഥാപാത്രമാക്കി അവതരിപ്പിക്കുന്ന ഒരു കഥാഭാഗം തെരഞ്ഞെടുത്തു.?''

ഹാസ്യകഥാപാത്രം, കഥാഭാഗം – ഇതൊക്കെ പ്രഫ. ഉലകംതറക്ക് എവിടെ നിന്ന് കിട്ടിയെന്നറിഞ്ഞുകൂടാ. ഗൗരവപൂർണ്ണമായ ഒരുലേഖന ഭാഗമാണിത്. പ്രസ്തുത ഭാഗം താഴെകൊടുക്കുന്നു. ''ഗർഷോമിൽ കഥാനായകൻ ദൈവവുമായി സംസാരിക്കുന്ന ഒരു ഭാഗമുണ്ട്. ഈ ഫോം എനിക്കു വീണു കിട്ടിയത് ഇങ്ങനെയാണ്. എന്റെ നാട്ടിൽ ഒരു ഭ്രാന്തനുണ്ട്. ഈ ഭ്രാന്തൻ സ്ഥിരമായ ഒറ്റയ്ക്കിരുന്ന് ദൈവത്തെ വിളിക്കും. പടച്ചോനേ .......... പടച്ചോനേ......... ദൈവത്തിന്റെ മറുപടി എന്താടാ നായിന്റെ മോനേ......... എന്നാണ്. ഇദ്ദേഹം ചോദിക്കുന്നു. ഒരു അയില അതുമുറിച്ചാൽ എത്ര കഷണമാണ് ? ദൈവത്തിന്റെ മറുപടി (ദൈവം ഇദ്ദേഹം തന്നെയാണ്) മൂന്നുകഷണമാണെന്ന് നിന്നോട് എത്രതവണ പറഞ്ഞിട്ടുണ്ട് നായേ....... ഈ രീതിയാണ് ദൈവവുമായിട്ട് സംവദിക്കാൻ ഞാൻ ഉപയോഗിച്ചത്. ഇങ്ങനെ ജീവിതത്തിൽ നിന്നുതന്നെയാണ് നമുക്ക് ഫോം കിട്ടുന്നത്. ജീവിതത്തിൽ നിന്നാണ് സിനിമയുണ്ടാകുന്നത്.''

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി മലയാളം ബി.എയ്ക്കും, എം.എക്കും റഫറൻസ് പുസ്തകമായി അംഗീകരിച്ചിട്ടുള്ളതും പി.എം. ബിനുകുമാർ സമ്പാദനവും പഠനവും നിർവഹിച്ചിട്ടുള്ളതും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണവുമായ 'തിരക്കഥയുടെ രീതിശാസ്ത്രം' എന്ന ഗ്രന്ഥത്തിൽ ശ്രീ. പി.റ്റി. കുഞ്ഞുമുഹമ്മദിന്റെ 'തിരക്കഥ – ഒരു വിശ്വാസിയുടെ കണ്ടെത്തലുകൾ' എന്ന ലേഖനത്തിലേതാണ് മേലുദ്ധരിച്ച സംഭാഷണഭാഗം.

ചിഹ്നങ്ങൾ ചേർക്കാനുള്ള ചോദ്യത്തിന് ഈ ഭാഗം എന്തിനു തെരഞ്ഞെടുത്തു എന്നതാണ് പ്രഫ. ഉലകംതറയുടെ അടുത്ത ചോദ്യം.

മാനേജുമെന്റിന് വിട്ടുപോയ ഒരു ചോദ്യമാണിത്. അതിനുള്ള മറുപടി പ്രഫ. റ്റി.ജെ. ജോസഫ് തന്നെപറയുന്നു. എല്ലാ ചിഹ്നങ്ങളും പ്രയോഗിക്കാനുള്ള സാധ്യത പരിഗണിച്ചാണ് സംഭാഷണഭാഗം തെരഞ്ഞെടുത്തത്. ആ സംഭാഷണഭാഗം എനിക്ക് മനഃപാഠമായിരുന്നു. എം.എ. ക്ലാസ്സിലും മറ്റും പലപ്പോഴും ഉത്തമഹാസ്യത്തിന്റെ ഉദാഹരണമായി അത് പരാമർശിക്കാറുണ്ടായിരുന്നു.

അടുത്ത ആരോപണം, 'എന്തിന് ഭ്രാന്തന് മുഹമ്മദ് എന്ന പേരു കൊടുത്തു.' ഇതേ ആരോപണം മാനേജ്മെന്റ് നേരത്തെ ഉന്നയിച്ചിട്ടുള്ളതാണ്.

പ്രഫ. റ്റി.ജെ ജോസഫിന്റെ മറുപടി ഇങ്ങനെ : ''അതിലെ ഭ്രാന്തൻ ലോകത്തിലെ ഒരു മനുഷ്യനാണ്. അയാൾ പടച്ചോനേ പടച്ചോനേ എന്നു വിളിക്കുമ്പോൾ പ്രത്യക്ഷത്തിലുള്ള സങ്കല്പം വച്ച് ഈശ്വരൻ പ്രതിവചിക്കേണ്ടത് 'എന്താ മകനേ' എന്നാണ്. അതിൽ നിന്ന് വ്യത്യസ്തമായുള്ള ഇവിടുത്തെ പ്രതികരണത്തിൽ ഒരു വൈരുദ്ധ്യമുണ്ട്. അതു ഹാസ്യത്തിന് നിദാനമാണ്. അതുപോലെ വിളിച്ചിട്ട്, എന്തോ വലിയ കാര്യം ചോദിക്കാൻ പോവുകയാണെന്ന് തോന്നും. പക്ഷേ, വളരെ നിസ്സാരമായ ഒരു കാര്യമാണ് ചോദിക്കുന്നത്. ഇതാണ് പ്രത്യക്ഷത്തിലുള്ള തമാശ. ഇതിന്റെ പിന്നിൽ ഒരു സങ്കടാവസ്ഥയുണ്ട്. നിസ്സഹായനും നിരാലംബനും അതുപോലെ തന്നെ സന്ദേഹം നിറഞ്ഞവനുമായ മനുഷ്യന് ആശ്രയം ദൈവം മാത്രമേയുള്ളൂ. അതുകൊണ്ട് അവൻ ദൈവത്തെ എപ്പോഴും വിളിച്ചുകൊണ്ടിരിക്കും. എപ്പോൾ വിളിച്ചാലും വിളികേൾക്കുന്ന, ഏതു സംശയത്തിനും ഉത്തരം നൽകുന്ന ഒരു ദൈവമാണ് അതിലുള്ളത്. മനുഷ്യന്റെ നിസ്സാരതയും ദൈവത്തിന്റെ മഹത്വവും വെളിപ്പെടുത്തുന്നതാണ് ഈ സംഭാഷണഭാഗം.

ഭ്രാന്തൻ പടച്ചോനേ എന്നു വിളിക്കുന്നതുകൊണ്ട് ഒരു മുസ്ലീം പേര് കൊടുത്തേക്കാമെന്ന് കരുതി. പെട്ടെന്ന് മനസ്സിൽ വന്ന മുസ്ലീം പേര് മുഹമ്മദ് എന്നായിരുന്നു. പി.ടി. കുഞ്ഞുമുഹമ്മദിന്റെ ലേഖന

ത്തിലെ സംഭാഷണമാണല്ലോ. പി.ടി. കുഞ്ഞുമുഹമ്മദ് വെട്ടിച്ചുരുക്കി മുഹമ്മദ് മാത്രം കൊടുത്താൽ ഇങ്ങനെയൊരു പ്രശ്നമുണ്ടാകുമെന്ന് വിചാരിച്ചിരുന്നില്ല.'' (മാതൃഭൂമി ആഴ്ചപതിപ്പ്)

മാനേജ്മെന്റിന്റെയും ഉലകം തറയുടെയും ആരോപണങ്ങൾക്ക് ഇതിൽക്കവിഞ്ഞ് എന്തു മറുപടിയാണ് വേണ്ടത്.

പ്രഫ. ഉലകം തറയുടെ ആരോപണം തുടരുന്നു. 'ഒരു പുസ്തകത്തിൽ നിന്ന് ഉദ്ധരണിയെടുക്കുമ്പോൾ ഒരു വാക്കുപോലും മാറ്റാൻ പാടില്ലെന്നുള്ള പകർപ്പാവകാശനിയമം ലംഘിച്ചു.'

ഈ ആരോപണത്തിലെ 'ഉദ്ധരണി എടുക്കുമ്പോൾ ഒരു വാക്കുപോലും മാറ്റാൻ പാടില്ല' - എന്നതിന്റെ അർത്ഥം വ്യക്തമല്ല. കാരണം ഉദ്ധരണിക്ക്, ഉദ്ധരിക്കുമ്പോൾ (അന്യകൃതിയിൽ നിന്ന് എടുത്തു ചേർക്കുമ്പോൾ) വേർ തിരിച്ചു കാണിക്കാൻ ഉപയോഗിക്കുന്ന ഒറ്റക്കോ പെട്ടക്കോ ഉള്ള ചിഹ്നനം എന്നേ അർത്ഥമുള്ളൂ. ചിഹ്നനമാകട്ടെ വാചകങ്ങളെ വ്യവസ്ഥപ്പെടുത്താൻ വേണ്ടി ഉപയോഗിക്കുന്ന അടയാളമാണ്.

ഉദാ : അങ്കുശം (,), ഭിത്തിക (:), ബിന്ദു ( . ), ഉദ്ധരണി ( " " ) തുടങ്ങിയവ. അതുകൊണ്ട് പ്രഫ. ഉലകംതറ ഉദ്ദേശിച്ചത് ഉദ്ധരിക്കുമ്പോൾ ഒരു വാക്കുപോലും മാറ്റാൻ പാടില്ല എന്നാവണം. ഇത് വളരെ ശരിയാണ്. വാക്കുമാത്രമല്ല അവിടെയുള്ള ചിഹ്നങ്ങൾ പോലും മാറ്റാൻ പാടില്ലാത്തതാണ്. കൂടാതെ ഉദ്ധരണി കൊടുക്കുകയും വേണം. ഇതൊന്നുംഇവിടെയുണ്ടായില്ല. ഇതിന്റെ കാരണമറിയണമെങ്കിൽ ചോദ്യം ഒന്നുകൂടി വായിച്ചുനോക്കണം.

ബി.കോം. വിദ്യാർത്ഥികൾക്ക് നൽകിയ ചോദ്യപേപ്പറിലെ 11-ാം നമ്പർ ചോദ്യം : 'താഴെകൊടുത്തിരിക്കുന്ന ഗദ്യഭാഗത്തിന് ഉചിതമായ ചിഹ്നങ്ങൾ ചേർത്തെഴുതുക.' എന്നുനിർദ്ദേശിച്ചിട്ട് പി.ടി. കുഞ്ഞുമുഹമ്മദിന്റെ ലേഖനത്തിലെ മേലുദ്ധരിച്ച സംഭാഷണത്തിലെ ചിഹ്നങ്ങളെല്ലാം മാറ്റി ചോദ്യത്തിൽകൊടുത്തു. ചിഹ്നങ്ങൾ ചേർക്കാനുള്ള ചോദ്യത്തിന് എടുക്കുന്ന ഭാഗത്ത് ഉള്ള ചിഹ്നങ്ങൾ, പകർപ്പവകാശ നിയമം ലംഘിക്കാതിരിക്കാൻ വേണ്ടി, കളയാതിരുന്നാലത്തെ അവസ്ഥ പ്രഫ. ഉലകം തറക്കു മനസ്സിലാകുമെന്ന് കരുതുന്നു. മുഹമ്മദ് എന്ന പേര് നൽകിയതിന്റെ കാരണം മേൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അല്ലെങ്കിൽത്തന്നെ ചിഹ്നങ്ങൾ ചേർക്കാനുള്ള സംഭാഷണശകലത്തിൽ സംഭാഷണ കർത്താക്കൾക്ക് എന്തു പ്രസ്ക്തി.?

പ്രഫ. ഉലകംതറ തറപ്പിച്ചു പറയുന്നു : 'മുഹമ്മദ് എന്ന പേര് കൊടുക്കാൻ പാടില്ലാത്തതാണ്.'

ഇങ്ങനെ അപ്പീലില്ലാത്ത ഒരു വിധിക്ക് ഉലകംതറയെ പ്രേരിപ്പിച്ചത് മാനേജ്മെന്റ് പ്രഫ. ജോസഫിനു നൽകിയ കുറ്റപത്രത്തിലെ ആരോപണമായിരിക്കണം. അതിങ്ങനെ : 'ചോദ്യക്കടലാസ്സിൽ 11-ാം നമ്പരായി ഉൾപ്പെടുത്തിയ ചോദ്യം മതനിന്ദയും ദൈവനിന്ദയും ഉളവാക്കുന്നതായിരുന്നു.' ഇതു ശരിവച്ചും കൂടുതൽ കടുപ്പിച്ചും കോതമംഗലം ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ കുർബാന മധ്യേ പള്ളികളിൽ വായിക്കാൻ നിർദ്ദേശിച്ച സർക്കുലറിൽ വിവരിക്കുന്നു : 'ഇതര മതവിശ്വാസങ്ങളോടും അവരുടെ ആചാര്യന്മാരോടും മാന്യമല്ലാത്തതും അവഹേളനപരവുമായ പ്രസ്താവം ഒരുന്നത കലാലയാധ്യാപകനിൽ നിന്ന് അധ്യയനരംഗത്ത് ഒരിക്കലും പ്രതീക്ഷിക്കാവുന്നതല്ല. പക്ഷേ അതാണിവിടെ സംഭവിച്ചത്.'

ഈ മൂന്നുപ്രസ്താവങ്ങളും വച്ചു നോക്കുമ്പോൾ, പ്രഫ. ജോസഫിന്റെ മേൽ ദൈവനിന്ദയും മതനിന്ദയും എന്ന വലിയ കുറ്റം കെട്ടിവയ്ക്കാൻ കിണഞ്ഞു ശ്രമിക്കുന്നതിന്റെ പെടാപ്പാട് നിഷ്പക്ഷമതികൾക്ക് കാണാം. ചോദ്യത്തിൽ മതനിന്ദയുണ്ട് എന്ന ആശയം ഇവർക്ക് എവിടെനിന്ന് കിട്ടി ? വാക്കാലോ രേഖയാലോ അങ്ങനെയൊരു പരാതി ഒരു ഭാഗത്തു നിന്നും മാനേജുമെന്റിന് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ മതനിന്ദയുണ്ടെന്ന് സ്ഥാപിച്ചത് മാനേജ്മെന്റും മെത്രാനുമാണ്. പി.ടി കുഞ്ഞുമുഹമ്മദിന്റെ ലേഖനത്തിലെ സംഭാഷണം ചോദ്യത്തിനെടുത്തപ്പോൾ, അതിൽ സംഭാഷണകർത്താവായ ഭ്രാന്തന് മുഹമ്മദ് എന്ന പേര് നൽകുക മാത്രമേ പ്രഫ. ജോസഫ് ചെയ്തിട്ടുള്ളൂ. അപ്പോൾ മുസ്ലീം തീവ്രവാദികളും മാനേജുമെന്റും മതനിന്ദയും ദൈവനിന്ദയും കണ്ടത് 'മുഹമ്മദ്' എന്ന വാക്കിലാണ്.

## മുഹമ്മദ് എന്നെഴുതിയാൽ മതനിന്ദയാകുമോ ?

പ്രഫ. റ്റി.ജെ. ജോസഫിന്റെ കൈപ്പത്തി വെട്ടിമാറ്റിയതുമായി ബന്ധപ്പെട്ട് ഇപ്പോഴും നിലനിൽക്കുന്ന അനിശ്ചിതത്വം അവസാനിപ്പിക്കണം. കുറെ മുസ്ലീം തീവ്രവാദികൾ തൊടുപുഴ ടൗണിൽ നടത്തിയ അക്രമാസക്ത പ്രകടനത്തിൽ വിളിച്ച ഒരു മുദ്രാവാക്യമാണ് 'ദൈവനിന്ദയും മതനിന്ദയും'. ഈ മുദ്രാവാക്യം കേട്ടപാടേ വിദ്യാഭ്യാസമന്ത്രിയും കോളജ് മാനേജ്മെന്റും ദൈവനിന്ദയും മതനിന്ദയും ചോദ്യത്തിലുണ്ട് എന്ന് സ്ഥിരീകരിച്ച് നടപടി തുട

ങ്ങി. ഭീകരാന്തരിക്ഷം സൃഷ്ടിച്ച തീവ്രവാദികളെ ഭയന്ന് പ്രഫ. ജോസഫ് ഒളിവിൽ പോയി. പോലീസ് സർവസന്നാഹങ്ങളോടും കൂടെ അന്വേഷണമാരംഭിച്ചു. യൂണിവേഴ്സിറ്റിയും മാനേജ്മെന്റും അച്ചടക്ക നടപടികളുമായി മുന്നോട്ടുപോയി. തങ്ങളുടെ തീവ്രവാദനിലപാട് ഗവണ്മെന്റും മാനേജുമെന്റും അംഗീകരിച്ചതിൽ സന്തുഷ്ടരായ തീവ്രവാദികൾ കൂടുതൽ കടുത്ത നിലപാടുകളെടുത്ത് കൈവെട്ടിന് പദ്ധതി തയ്യാറാക്കി. വായനക്കാരെ സത്യമറിയിക്കാൻ പ്രതിജ്ഞാബദ്ധരെന്ന് പരസ്യം കൊടുത്ത മാധ്യമങ്ങൾ - ചെറുതും വലുതുമെല്ലാം ഒരു പോലെ - നല്ലൊരു ഷോട്ട് എടുക്കാനും നല്ലൊരു വാർത്ത കൊടുക്കാനും കഴിയുമെന്ന ആഹ്ലാദത്തോടെ കാത്തിരുന്നു. കോർപ്പറേറ്റ് താല്പര്യങ്ങൾക്കുവേണ്ടി പത്രധർമ്മം ബലികഴിച്ച്, വിവാദമുയർത്തിയ ചോദ്യമെന്തായിരുന്നുവെന്നുപോലും വായനക്കാരെ അറിയിച്ചില്ല. ജനങ്ങൾക്ക് ചോദ്യം വായിക്കാനവസരം കൊടുത്തിരുന്നെങ്കിൽ 'ഇതിലെന്തുമതനിന്ദ' എന്ന ചോദ്യം സമൂഹത്തിലുയരുമായിരുന്നു. ഒരു പക്ഷെ, തീവ്രവാദികൾ കൈവെട്ടു പദ്ധതി ഉപേക്ഷിക്കാൻ വരെ ഇത് ഇടയാക്കുമായിരുന്നു. പത്രങ്ങൾ നടത്തിയ ഈ തമസ്കരണംകൊണ്ട് മിടുക്കനും നിരപരാധിയുമായ ഒരു പ്രഫസറുടെ വലംകൈ അറ്റുപോകാൻ സാഹചര്യമൊരുങ്ങി.

നമുക്ക് രണ്ടിലൊന്നു തീരുമാനിക്കേണ്ടിയിരിക്കുന്നു. മുഹമ്മദ് എന്ന പേര് ഉപയോഗിച്ചാൽ മതനിന്ദയും ദൈവനിന്ദയു മാകുമോ ?

ആകില്ല എന്നാണ് കേരളിയർ ധരിച്ചിരിക്കുന്നത്. അതിന് നമ്മുടെ സാഹിത്യകൃതികൾതന്നെ തെളിവ്. ജ്ഞാനപീഠവും പത്മശ്രീ പുരസ്കാരവും നേടിയ കേരളത്തിന്റെ ജനപ്രിയ സാഹിത്യകാരൻ എം.ടി. വാസുദേവൻ നായരുടെ വളരെ പ്രശസ്തമായ ഒരു നോവലാണ് നാലുകെട്ട്. 1958-ൽ പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന്റെ സുവർണ്ണ ജൂബിലി 2008 ൽ സഹൃദയ കേരളം അഭിമാനപൂർവ്വം ആഘോഷിക്കുകയുണ്ടായി. കേരളത്തിൽ ഈ നോവൽ വായിക്കാത്തവർ വിരളമാണ്. ഇതിലെ പ്രധാന കഥാപാത്രമായ അപ്പുണ്ണിയുടെ സ്നേഹിതൻ 'മുഹമ്മദാ'ണ്. 35 പ്രാവശ്യം 'മുഹമ്മദ്' എന്ന പേര് ആവർത്തിക്കുന്നുണ്ട്. എൻ.പി. മുഹമ്മദ്, കെ.റ്റി. മുഹമ്മദ്, മുഹമ്മദ് ബഷീർ തുടങ്ങി നിരവധി പ്രാമാണികരായ മുസ്ലീം സാഹിത്യകാരന്മാരുടെ നിരന്തരസമ്പർക്കത്തിൽ ജീവിക്കുന്ന എം.ടി. വാസുദേവൻ നായർക്ക്, മുഹമ്മദ് ഒരു പേരായിട്ടേ തോന്നിയിട്ടുള്ളൂ. ദീർഘദർശി എന്നർത്ഥമുള്ള നബി എന്ന പദം മുഹമ്മദിന്റെ കൂടെ ചേർത്താലേ പ്രവാചകനായ മുഹമ്മദ് നബിയാകൂ എന്നാണ് കേരളിയർ ധരിച്ചിരിക്കുന്നത്. ഈ ധാരണക്ക് ഉദാഹരണങ്ങൾ എത്രവേണമെങ്കിലുമുണ്ട്.

1. ഖുർ ആനിന് മുമ്പുള്ള എല്ലാ വേദഗ്രന്ഥങ്ങളും ഖുർആൻ പോലെ തന്നെ അംഗീകരിക്കണമെന്നും, മുഹമ്മദ്നബിയുടെ മുമ്പ് നിയുക്തരായിട്ടുള്ള എല്ലാ പ്രവാചകന്മാരെയും മുഹമ്മദ്നബിയെപ്പോലെതന്നെ സ്വീകരിക്കണമെന്നും ഖുർ ആന്റെ അനുയായികളോട് കല്പിക്കപ്പെട്ടിട്ടുണ്ട്. (ഇസ്ലാമിക ദർശനം പേജ് : 277)

2. മുഹമ്മദ് നബിയുടെ നാല്പതാമത്തെ വയസ്സിൽ ഒരു ദിവസം ഹിറ ഗുഹയിൽ ഇരിക്കുമ്പോൾ കേട്ട അഞ്ചു വാചകങ്ങളാണ് ഖുർ ആനിൽ നബിക്ക് ആദ്യമായി അവതരിച്ചു കിട്ടിയ ഭാഗം - ( ഇസ്ലാമിക ദർശനം പേജ് 278)

3. ഖുർ ആന്റെ സാക്ഷാൽ വ്യാഖാതാവ് മുഹമ്മദ് നബി തന്നെയാണ്. (ടി. പുസ്തകം പേജ് 289)

മാത്രമല്ല, ഇസ്ലാമിക ഗ്രന്ഥങ്ങളിൽ നബി, നബിതിരുമേനി, പ്രവാചകൻ, മുഹമ്മദ് നബി എന്നിങ്ങനെയല്ലാതെ, പ്രവാചകനെ കുറിക്കാൻ മുഹമ്മദ് എന്ന് മാത്രമായി എഴുതികണ്ടിട്ടുമില്ല. മറിച്ച്, വ്യക്തികളെ സൂചിപ്പിക്കാൻ മുഹമ്മദ് എന്നുമാത്രമായി എഴുതിയിട്ടുണ്ട്താനും. കേരളത്തിലെ അതിപ്രഗത്ഭരായ 13 മുസ്ലീം പണ്ഡിതന്മാർ ചേർന്ന് രചിച്ചതും കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണവുമായ 'ഇസ്ലാമിക ദർശനം' എന്ന കൃതിയിൽ സൂര്യന്റേയും മറ്റ് ഗോളങ്ങളുടേയും ചലനപഥങ്ങളെക്കുറിച്ച് ഗവേഷണം നടത്തിയ മുഹമ്മദ് എന്ന ശാസ്ത്രജ്ഞനെ പരാമർശിക്കുന്നുണ്ട്. (ടി. പുസ്തകം പേജ് 867) ആ പുസ്തകത്തിന്റെ സൂചികയിൽ 1015-ാം പേജിൽ കൊടുത്തിരിക്കുന്നത് ഇങ്ങനെ : മുഹമ്മദ് (ശാസ്ത്രജ്ഞൻ)

ഇതിനെല്ലാം പുറമെ 'ഇസ്ലാമിക ദർശനം' എന്ന ഗ്രന്ഥത്തിൽ 9-ാം അധ്യായം അല്ലാഹുവിന്റെ വിശിഷ്ട നാമങ്ങൾ എന്ന വിഷയത്തെപ്പറ്റി യാണ്. അല്ലാഹുവിന് 99 നാമങ്ങളുണ്ടെന്നും അവ മനുഷ്യരുടെ പേരായി ഉപയോഗിക്കരുതെന്നും വ്യക്തമാക്കുന്നു. ഈ 99 നാമങ്ങളിലും മുഹമ്മദ് എന്ന പേരില്ല. **ഇതിൽ നിന്നെല്ലാം പകൽപോലെ വ്യക്തമാകുന്ന ഒരു കാര്യമുണ്ട് - പ്രഫ. റ്റി.ജെ. ജോസഫ് ചോദ്യത്തിൽ കൊടുത്ത മുഹമ്മദ് എന്ന പേര്, വെറും ഒരു പേരുമാത്രമാണ്. അതിൽ മതനിന്ദയോ ദൈവനിന്ദയോ ഇല്ല.**

അതുപോലെതന്നെ 'നായിന്റെ മോനേ' വിളി മധ്യകേരളം തൊട്ട് തെക്കോട്ടുള്ള ഉയർന്ന ജാതിക്കാർക്ക്

അപരിചിതവും അതുകൊണ്ടു തന്നെ അരോചകവുമാണ്. എന്നാൽ സാഹിത്യപരിചയമുള്ളവരെ ഈ പ്രയോഗം ഒട്ടും നീരസപ്പെടുത്തുകയുമില്ല. ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം' എന്ന പൊക്കുടന്റെ ആത്മകഥയിൽ ഒരു ഭാഗം - ''എന്തറോ, വിശേഷമൊന്നും ആയില്ലേ, ന്നാ പിന്നെ ഒരു കെന്ഡർവ്വ് കയിക്ക് നായിന്റെ മോനേ. നായിന്റെ മോനേ എന്നതും ഒരു ഓമനപ്പേരാണ്. ഈ വിളി കേട്ടിട്ടില്ലെങ്കിൽ പുലയർക്ക് സങ്കടം വരും.'' (ടി. പുസ്തകം പേജ് 39, 41)

**എങ്കിൽപിന്നെ തൊടുപുഴയിൽ എന്താണ് സംഭവിച്ചത്. സാഹിത്യപരിചയമില്ലാത്ത ഏതാനും മുസ്ലീം തീവ്രവാദികളുടെ നോട്ടത്തിൽ, വിവാദച്ചോദ്യത്തിലെ 'പടച്ചോനേ' എന്ന വിളിയും 'നായിന്റെ മോനേ' എന്ന അഭിസംബോധനയും 'മുഹമ്മദ്' എന്ന പേരിടലും എല്ലാം കൂടി ഒരു കത്തോലിക്ക കോളജിലെ കത്തോലിക്കനായ ഒരധ്യാപകൻ മുസ്ലീം മതത്തെ മനഃപൂർവ്വം നിന്ദിക്കാൻ വേണ്ടി ചോദ്യത്തിലുൾപ്പെടുത്തിയതാണെന്ന് കരുതിയതിന്റെ ഫലമായിട്ടാവും അവർ പ്രകോപിതരായതും ടൗണിൽ പ്രകടനം നടത്തിയതും.** സ്വന്തം മതക്കാരെ കൂട്ടാനും മറ്റു മതസ്ഥരെ ഭയപ്പെടുത്താനും ഏറ്റവും പറ്റിയത് മതനിന്ദയും ദൈവനിന്ദയും ആരോപിക്കുകയാണല്ലോ. അതിനുടനെ ഫലം കാണുകയും ചെയ്തു. അനന്തരസംഭവങ്ങൾ ഏവർക്കും അറിവുള്ളതാണ്.

പക്ഷേ, സത്യമറിയാവുന്നവർ അല്ലെങ്കിൽ സത്യമറിയേണ്ടവർ അവിടെ ഉണ്ടായിരുന്നു. പ്രിൻസിപ്പലും മാനേജരും ബിഷപ്പും യാഥാർത്ഥ്യമറിയാൻ ശ്രമിച്ചിരുന്നെങ്കിൽ പ്രഫ. ടി.ജെ. ജോസഫ് നിരപരാധിയാണെന്നും തീവ്രവാദികൾ ഉന്നയിച്ച ആരോപണം തെറ്റിദ്ധാരണ മൂലമാണെന്നും ബോധ്യപ്പെടുമായിരുന്നു. അത് തീവ്രവാദികളെ ബോധ്യപ്പെടുത്താൻ ശ്രമിച്ചിരുന്നെങ്കിൽ സകല പ്രശ്നവും അവിടെ തീരുമായിരുന്നു. അതിനു ശ്രമിക്കാതെ തീവ്രവാദികൾ അന്തരീക്ഷത്തിൽ മുഴക്കിയ മുദ്രാവാക്യം - മതനിന്ദയും ദൈവനിന്ദയും - അപ്പാടെ അംഗീകരിച്ച് അവരെ പ്രീതിപ്പെടുത്തി കോളേജ് സംരക്ഷിക്കാൻ വേണ്ടി നിരപരാധിയായ പ്രഫ. ജോസഫിനെ തള്ളിപ്പറഞ്ഞ് തികച്ചും അനീതിപരവും അധാർമ്മികവുമായ പിരിച്ചുവിടലിന് മാനേജ്മെന്റ് തയ്യാറാവുകയാണ് ചെയ്തത്. രൂപതാദ്ധ്യക്ഷനായ മെത്രാൻപോലും സർക്കുലറിൽ ''ചോദ്യപേപ്പർ വ്രണപ്പെടുത്തിയ മുസ്ലീം സഹോദരങ്ങളുടെ മതവികാരം, മുഹമ്മദ് എന്ന പേര് കൂട്ടിച്ചേർത്ത് ചോദ്യമുണ്ടാക്കിയത് ദുരൂഹം'' - തുടങ്ങിയ പ്രയോഗങ്ങളിലൂടെ പ്രശ്നം രൂക്ഷമാക്കി. ഇവിടെയാണ് അധികാരം കൈയാളുന്ന പുരോഹിതാധിപത്യത്തിന്റെ, രക്തമുറഞ്ഞു കൂടുന്ന സംഭവങ്ങൾക്ക് വഴിമരുന്നിട്ട മുൻവിധിയുടെയും പകയുടെയും ചുരുളഴിയുന്നത്.

മുസ്ലീം തീവ്രവാദികളുടെയും ന്യൂമാൻ കോളേജ് മാനേജ്മെന്റിന്റെയും മുൻവിധിയാണ് പ്രഫ. ജോസഫിന്റെ കൈപ്പത്തിവെട്ടിമാറ്റലിലും ജോലിയിൽ നിന്ന് പിരിച്ചുവിടലിലും ചെന്നു നിന്നത്. മുൻവിധിക്ക് വശംവദരാകുന്നവരുടെ പ്രവർത്തനങ്ങൾക്കു തമ്മിൽ പല സാമ്യങ്ങളുമുണ്ട്. മുൻവിധികൾ ഒരിക്കലും പുറമേ നിന്ന് സ്വീകരിക്കുന്നതല്ല, അത് സ്വയം സൃഷ്ടിയാണ്. ക്രമേണ മുൻവിധികൾ, സ്വീകരിക്കപ്പെടുന്ന വ്യക്തിയിൽ ആധിപത്യമുറപ്പിക്കും. അതോടെ മുൻവിധിക്ക് വിധേയനായ വ്യക്തിയെ അടിമുടി എതിർക്കുക മാത്രമല്ല പറ്റുമെങ്കിൽ മുച്ചൂടും മുടിക്കാൻവരെ തയ്യാറാകും. അതിന് ആദ്യം അയാളെ കൊള്ളരുതാത്തവനായി ചിത്രീകരിക്കുകയും താൻ മികച്ചവനും നല്ലവനുമാണെന്ന് സ്വയം അവതരിപ്പിക്കുകയും ചെയ്യും.

നായിന്റെ മോനേ, എന്നും പടച്ചോനേ എന്നുമൊക്കെ എഴുതിയത് പ്രഫ. ജോസഫാണെന്ന് തെറ്റിദ്ധരിക്കുകയും ഭ്രാന്തന് മുഹമ്മദ് എന്ന പേരുകൊടുത്തത് മതത്തേയും പ്രവാചകനെയും നിന്ദിക്കാനാണെന്ന മുൻവിധിയിൽ എത്തിച്ചേരുകയും ചെയ്ത തീവ്രവാദികളിൽ മുൻവിധി ആധിപത്യമുറപ്പിച്ചത് മാനേജരുടെയും മെത്രാന്റെയും അനുകൂല നിലപാട് കാരണമാണ്. അതോടെ ഏതു വിധേനയും പ്രഫ. ജോസഫിനെ കൊല്ലുകയോ അംഗഭംഗം വരുത്തുകയോ ചെയ്യുക എന്ന തീരുമാനത്തിലെത്തി. അതോടൊപ്പം തങ്ങൾ മത സ്നേഹികളും പ്രവാചകശിഷ്യരുമാണെന്ന് സ്വയംധരിച്ച് പോസ്റ്ററുകളിലൂടെ വെളിപ്പെടുത്തുകയും മുൻവിധിക്ക് വിധേയനായ പ്രഫ. ജോസഫ് മതനിന്ദ നടത്തി എന്നാരോപിച്ച് സമൂഹത്തിൽ കുറ്റക്കാരനാക്കി ഒറ്റപ്പെടുത്തുകയും ചെയ്തു. എന്നിട്ടാണ് കൈവെട്ട് ശ്രമമാരംഭിച്ചത്.

മുൻവിധിക്ക് വശംവദരായ ബിഷപ്പും മാനേജരും പ്രഫ. ജോസഫിന്റെ കാര്യത്തിൽ സ്വീകരിച്ചതും ഇതേ നിലപാടുതന്നെ. വിശ്വാസത്തിൽ ഉറപ്പും അഭിപ്രായത്തിൽ ധീരതയും ഉണ്ടായിരുന്ന പ്രഫ. ജോസഫ് പൊള്ളയായ ആത്മസംതൃപ്തിയിൽ അഭിരമിക്കുന്ന അധികാരികളുടെ കണ്ണിൽ കരടായതു സ്വാഭാവികം. കരടാണെങ്കിലും പുരോഹിതാധികാരത്തിന് അത് അസഹ്യമാണല്ലോ. മുൻവിധി വളർന്ന് അവരുടെ മനസ്സിൽ ആധിപത്യം നേടി. പ്രഫ. ജോസഫിനെ എതിർക്കുക മാത്രമല്ല നിലംപരിശാക്കാൻ വരെ മാനേജ്മെന്റ് അവസരം കാത്തിരുന്നു. അപ്പോഴാണ് മുസ്ലീം തീവ്രവാദികൾ ചോദ്യം വിവാദമാക്കിയത്. കിട്ടിയ സന്ദർഭം ശരിക്കുമുതലാക്കാൻ മത-രാഷ്ട്രീയ-മാധ്യമ കൂട്ടുകെട്ടുള്ള കോളജ് മാനേജ്മെന്റിന് യാതൊരു പ്രയാസവുമുണ്ടായില്ല. തീവ്രവാദികൾ ടൗണിൽ വിളിച്ച മുദ്രാവാക്യം തന്നെ 'മതനിന്ദയും ദൈവനിന്ദയും' - പ്രഫ. ജോസഫിന്റെ പേരിൽ കുറ്റപത്രം തയ്യാറാക്കാൻ തെരഞ്ഞെടുത്തു. കഴിഞ്ഞ 25 വർഷമായി തങ്ങളുടെ കോളജുകളിൽ പഠിപ്പിക്കു

കയും ഇപ്പോൾ തൊടുപുഴ ന്യൂമാൻ കോളജിൽ മലയാളം ഡിപ്പാർട്ടുമെന്റ് മേധാവി (HOD) യായി ജോലിനോക്കുകയും ആ കോളജിലെ വാല്യൂ എഡ്യൂക്കേഷൻ സെൽ ഡയറക്ടറായി സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന നല്ല ഒരധ്യാപകന്റെ പേരിൽ കോളജുമായോ പരീക്ഷയുമായോ യാതൊരു ബന്ധവുമില്ലാത്ത കുറെപ്പേർ ഉയർത്തിയ ആരോപണത്തിന്റെ നിജസ്ഥിതി അന്വേഷിക്കാൻപോലും കൂട്ടാക്കാതിരിക്കത്തക്കവണ്ണം മുൻവിധി അവരുടെ മനസ്സിനെ അത്രമാത്രം കീഴ്പ്പെടുത്തിയിരുന്നു. തങ്ങളുടെ അനിഷ്ടപാത്രമായ പ്രഫ. ജോസഫിനോട് പ്രതികാരം ചെയ്യാൻ മറ്റൊരു മതത്തിന്റെ വികാരം ഉപയോഗിച്ച മാനേജരച്ചന്റെയും ബിഷപ്പിന്റെയും നടപടിക്ക് എന്തു വിശേഷണമാണ് ചേരുക.

മനസ്സ് മുൻവിധിയുടെ ആധിപത്യത്തിലായതോടെ മാനേജർ മലേക്കുടിയച്ചനും ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിലും, പ്രഫ. ജോസഫിനെതിരെ നിരന്തരം പ്രസ്താവനകളിറക്കി തങ്ങളെ ന്യായികരിക്കാനും പ്രഫ. ജോസഫിനെ മോശക്കാരനാക്കാനും ശ്രമം തുടങ്ങി. നാമമാത്ര കത്തോലിക്കൻ, സഭാവിരോധി, എ.കെ.പി.സി.റ്റി.എ. ക്കാരൻ, കമ്മ്യൂണിസ്റ്റു സഹയാത്രികൻ, മാപ്പു ചോദിക്കാത്തവൻ - എത്രവിശേഷണങ്ങളാണ് പ്രഫ. ജോസഫിന്റെ മേൽ ചൊരിഞ്ഞത്. മാനേജ്മെന്റും മാനേജ്മെന്റിനുവേണ്ടി ലേഖനമെഴുതിയ പ്രഫ. മാത്യു ഉലകംതറയും ഉന്നയിച്ച വലിയ ഒരാരോപണമാണ് പ്രഫ. ജോസഫ് മാപ്പു ചോദിച്ചില്ല എന്നത്. അതിന്റെ യാഥാർത്ഥ്യം പ്രഫ. ജോസഫിന്റെ വാക്കുകളിൽ : ''ജയിലിൽ നിന്നിറങ്ങിയിട്ട് ആദ്യം ചെയ്തത് ക്ഷമചോദിക്കുകയായിരുന്നു. അത് ഏഷ്യാനെറ്റുകാർ കാണിക്കുകയും ചെയ്തു. ആദ്യം മുസ്ലീം സമുദായത്തോട് ക്ഷമചോദിച്ചു. എന്റെ ഒരു കൃത്യത്തിന്റെ പേരിൽ, തെറ്റിദ്ധരിക്കപ്പെട്ടിട്ടാണെങ്കിൽപ്പോലും, വേദനിച്ച മുസ്ലീം സഹോദരങ്ങൾ എന്നോടു ക്ഷമിക്കണമെന്ന് ഞാൻ പറഞ്ഞു. രണ്ടാമത്, എന്റെ പ്രവൃത്തിമൂലം കൂടുതൽ അസൗകര്യങ്ങൾ നേരിടേണ്ടി വന്ന മാനേജ്മെന്റ് എന്നോട് ക്ഷമിക്കണമെന്ന് ഞാൻ പറഞ്ഞു. **എന്റെ മേലധികാരികളോട് അരമനയിൽപോയി മാപ്പപേക്ഷിക്കുകയായിരുന്നു. അഭിവന്ദ്യ മെത്രാൻ ജോർജ് പുന്നക്കോട്ടിൽ തിരുമേനിയുടെയും തെടുപുഴ ന്യൂമാൻ കോളജ് മാനേജർ ഫാ. തോമസ് മലേക്കുടിയുടെയും കാലിൽ പിടിച്ചുകൊണ്ടാണ് ഞാൻ ക്ഷമ ചോദിച്ചത്.** മൂന്നാത് എന്റെ പ്രവൃത്തിക്കൊണ്ട് സർക്കാരിന് ഭയങ്കര ടെൻഷനുണ്ടായി. ബഹുമാനപ്പെട്ട സർക്കാർ ക്ഷമിക്കണമെന്ന് ഞാൻ പറഞ്ഞു. നാലാമത്, പൊതുസമൂഹത്തിന് ഒത്തിരി വിഷമങ്ങളുണ്ടായി, പൊതുസമൂഹത്തോടും ഞാൻ ക്ഷമചോദിച്ചു. ഞാൻ ചെയ്ത കാര്യത്തിന് ഇനിയും ആരോടെങ്കിലും ക്ഷമ പറയണമെന്ന് മാനേജ്മെന്റ് ആവശ്യപ്പെട്ടാൽ ഞാൻ അതിന് ഒരുക്കമാണ്. - കലാകൗമുദി, ക്രൈം ഇൻവെസ്റ്റിഗേഷൻ

സാഹിത്യപരിചയമില്ലാത്തവർക്കുണ്ടായ തെറ്റിദ്ധാരണയുടെ ഫലമായി രൂപംകൊണ്ട പ്രശ്നങ്ങൾക്ക് അറിയാതെയാണെങ്കിലും ഉത്തരവാദിയാണെന്ന് സമ്മതിച്ചുകൊണ്ട് ഇതിൽ കൂടുതൽ, എങ്ങനെ ഒരാൾക്ക് ക്ഷമചോദിക്കാൻ പറ്റും. കാലിൽപിടിച്ച് ക്ഷമചോദിച്ചിട്ടുപോലും യാഥാർത്ഥ്യമറിയാൻ കൂട്ടാക്കാത്ത അവരുടെ മനസ്സ്, മുൻവിധിയും പകയുംകൊണ്ട് എത്രമാത്രം കടുത്തുപോയെന്ന് ഊഹിക്കുകയേ നിവൃത്തിയുള്ളൂ.

മുൻവിധിയുടെ അവസാനത്തെ പ്രകരണമായിരുന്നു പിരിച്ചുവിടൽ. ഒരു സ്വതന്ത്ര ജനാധിപത്യപരമാധികാര റിപ്പബ്ളിക്ക് എന്ന നിലയിൽ ഇൻഡ്യൻ ഭരണഘടന ഉറപ്പുതരുന്ന പൗരാവകാശങ്ങളുടെയും മനുഷ്യാവകാശങ്ങളുടെയും മേൽ മതം നടത്തിയ കടന്നുകയറ്റം എന്നേ ഈ പിരിച്ചുവിടലിനെ വിശേഷിപ്പിക്കാനാകൂ. വസ്തുതകളറിയാതെ മതനിന്ദ ആരോപിച്ച് കൈവെട്ടിയ മുസ്ലീം തീവ്രവാദികളും എല്ലാ അറിവും തങ്ങളിലാണെന്ന ധാർഷ്ട്യത്തോടെ യാഥാർത്ഥ്യമറിയാൻ കൂട്ടാക്കാതെ, തെറ്റുകാരനെന്ന് വിധിച്ച് ജോലിയിൽ നിന്ന് പിരിച്ചുവിട്ട കത്തോലിക്ക മാനേജുമെന്റും അവരെ പിന്താങ്ങിയ കത്തോലിക്ക സഭാ നേതൃത്വവും നടത്തിയത് ഈ കടന്നു കയറ്റമാണ്. ആധ്യാത്മികതയെ പിന്തള്ളി മതാത്മകതവളരുന്നിടത്ത് സ്വാഭാവികമായുണ്ടാകുന്നതാണ് ഇത്തരം പൗരാവകാശ, മനുഷ്യാവകാശ നിഷേധങ്ങൾ.

പ്രഫ. ജോസഫിനെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടതിന്റെ ഫലം വളരെ ദയനീയമാണ്. ഇനി ജോലി ചെയ്യുന്നത് വിലക്കുകമാത്രമല്ല, കഴിഞ്ഞ 25 വർഷം ചെയ്ത ജോലിക്ക് പ്രതിഫലമായി കിട്ടേണ്ട ഗ്രാറ്റുവിറ്റിയും, ശമ്പളത്തിൽനിന്ന് നിയമാനുസൃതം മാറ്റിവയ്ക്കപ്പെട്ട തുകയായ പ്രോവിഡന്റ് ഫണ്ടും, റിട്ടയർ ചെയ്യുമ്പോൾ ജീവിക്കാൻ ലഭിക്കുന്ന പെൻഷനും പോലും ലഭിക്കാതിരിക്കത്തക്കവിധം തടയപ്പെട്ടിരിക്കുകയാണ്. വൃദ്ധമാതാവും ഗൃഹസ്ഥയായ ഭാര്യയും പഠിച്ചുകൊണ്ടിരിക്കുന്ന രണ്ടു മക്കളും ഉൾപ്പെടുന്ന ഈ അധ്യാപകന്റെ കുടുംബം എങ്ങനെ ജീവിക്കുമെന്നുപോലും ചിന്തിക്കാൻ മാനേജർക്കോ ബിഷപ്പിനോ കഴിഞ്ഞില്ല എന്നത് ഇക്കാലത്തെ ഏറ്റവും വലിയ ക്രൂരതയായി അവശേഷിക്കും. നിയമിക്കുന്ന മാനേജർക്ക് മതിയായ കാരണത്തിന് പിരിച്ചുവിടാനവകാശമുണ്ട്. പക്ഷേ, പിരിച്ചുവിടുമ്പോൾ ചെയ്ത ജോലിയുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും പെൻഷനും മറ്റും നിഷേധിക്കുന്ന വിധത്തിലാകരുത്. അങ്ങനെയാണ് .നിയമമെങ്കിൽ ആ നിയമം മാറ്റപ്പെടേണ്ടതാണ്. മാനേജ്മെന്റിന്റെ മുൻവിധിയുടെയും പകയുടെയും ഇരകളായി എത്ര അധ്യാപകർ ഇന്ന് നിർദ്ധനത്വത്തിന്റെ പടുകുഴിയിലേക്ക് തള്ളപ്പെട്ടിരിക്കുന്നു.

അധ്യാപക സംഘടനകൾ കഴുത്തിൽ കിടക്കുന്ന ഈ കുരുക്ക് കണ്ടില്ലെന്നുണ്ടോ ? ഇനിമേൽ ജോലിയില്ല എന്നുപറയുന്നതും ചെയ്ത ജോലിയുടെ കൂലി തടയുന്നതും രണ്ടും രണ്ടാണ്. വേലക്കാരന്റെ കൂലി പിറ്റേന്ന് രാവിലെ വരെ നിന്റെ കൈയിലിരിക്കരുത്.- ലേവ്യർ 19:13

ആകെ കൂടി നോക്കുമ്പോൾ തെറ്റിദ്ധാരണകൊണ്ട് രൂപം കൊണ്ടതും മുൻവിധികൊണ്ട് രാക്ഷസരൂപം സ്വീകരിച്ചതുമാണ് പ്രഫ. റ്റി.ജെ. ജോസഫിന്റെ മേൽ ആരോപിക്കപ്പെട്ട മതനിന്ദയും ദൈവനിന്ദയും എന്ന് ഏതൊരു നിഷ്പക്ഷമതിക്കും ബോധ്യമാകുന്നതാണ്. യാഥാർത്ഥ്യത്തിന്റെ മുമ്പിൽ എല്ലാവാദങ്ങളും പൊളിഞ്ഞു പോകും There is no argument against reality എന്ന ചൊല്ല് സത്യമാണെന്ന് ഇവിടെ തെളിയിക്കപ്പെട്ടിരിക്കുന്നു. മുഹമ്മദ് എന്ന വാക്ക് ദൈവനിന്ദയും മതനിന്ദയുമാണെന്ന് സ്ഥാപിക്കാൻ മാനേജ്മെന്റ് എത്ര പ്രസ്താവനകളിറക്കി. കുർബാനമധ്യേ വായിക്കാൻ ബിഷപ്പ് സർക്കുലർ വരെ പുറപ്പെടുവിച്ചു. സി.ബി.സി.ഐയുടെ സെക്രട്ടറി, മലങ്കര സഭയുടെ പരമാധ്യക്ഷൻ കാതോലിക്കബാവാ, കെ.സി.ബി.സി.യുടെ താത്കാലിക പ്രസിഡന്റ് തുടങ്ങിയ അധികാരകേന്ദ്രങ്ങളുടെ അനുകൂല പ്രതികരണം നേടി. എന്നിട്ടും മതിയാവാതെ പ്രഫ. ഉലകം തറയെപ്പോലുള്ള വരെക്കൊണ്ട് അനുകൂലമായി ലേഖനങ്ങളെഴുതിക്കുന്നു. ഇവയിൽ ഒന്നിൽപ്പോലും മുഹമ്മദ് ഒരു പേരായി ഉപയോഗിച്ചുകൂടാ എന്നതിന് ഒരു തെളിവുപോലും നൽകാൻ കഴിഞ്ഞിട്ടില്ല. മറിച്ചുള്ളതിന് ആധികാരികമായിത്തന്നെ ധാരാളം തെളിവുകൾ നേരത്തെ നാം കണ്ടുകഴിഞ്ഞതാണ്.

അതുകൊണ്ട് ചോദ്യത്തിൽ ഭ്രാന്തന് നൽകിയ മുഹമ്മദ് എന്ന പേര് ഒരു വെറും പേര് മാത്രമാണെന്നും അതിൽ മതനിന്ദയും ദൈവനിന്ദയും ഇല്ലെന്നും മേലുദ്ധരിച്ച ഉദാഹരണങ്ങളിൽ നിന്ന് വ്യക്തമായിരിക്കെ മുൻവിധി ഉപേക്ഷിച്ച് പ്രഫ. ജോസഫിനോട് നീതി കാണിക്കാൻ മാനേജ്മെന്റ് തയ്യാറായാൽ അത് 21-ാം നൂറ്റാണ്ടിൽ കത്തോലിക്കസഭക്ക് ഉയർത്തിപ്പിടിക്കാവുന്ന ഏറ്റവും വലിയ ക്രിസ്തീയ സാക്ഷ്യമായിരിക്കും.

**പ്രഫ.റ്റി.ജെ.മത്തായി**
തേനമ്മാക്കൽ
ശാന്തിലെയ്ൻ
റൂബിനഗർ പി.ഒ
ചങ്ങനാശ്ശേരി - 3
**ഫോൺ : 0481-2401415**